പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2957 — 17.10.2016 -ൽ മറുപടിക്ക്

**കേരളത്തിന് അർഹമായ ഭക്ഷ്യധാന്യം**

| ചോദ്യം<br>**ശ്രീ.എം. നൗഷാദ്** | | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|---|
| (എ) 2011 ലെ സെൻസസ് പ്രകാരം കേരളത്തിന് അർഹമായ ഭക്ഷ്യ ധാന്യം കേന്ദ്രത്തിൽ നിന്നും നേടിയെടുക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | കേരളത്തിന് അധിക വിഹിതം ഉൾപ്പെടെയുള്ള അർഹമായ ഭക്ഷ്യധാന്യം ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ബി) 2011 ലെ സെൻസസ് പ്രകാരം സംസ്ഥാനത്തിന് എത്ര ലക്ഷം ടൺ ഭക്ഷ്യധാന്യമാണ് വേണ്ടി വരികയെന്ന് വ്യക്തമാക്കാമോ; | (ബി) | ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന് പ്രതിവർഷം ഏകദേശം 20.347 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യം വേണ്ടി വരും. |
| (സി) കേരളത്തിന് ഇപ്പോൾ ലഭിച്ചു കൊണ്ടിരിക്കുന്ന ഭക്ഷ്യധാന്യത്തിന്റെ അളവ് എത്രയെന്നും ആവശ്യകതയും ലഭ്യതയും തമ്മിലുള്ള അന്തരം എത്രയെന്നും വെളിപ്പെടുത്താമോ | (സി) | സംസ്ഥാനത്തിന് 2015-16 സാമ്പത്തിക വർഷത്തിൽ അധിക വിഹിതം ഉൾപ്പെടെ 15.91 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങളാണ് ലഭ്യമായത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ അനുവദിച്ച നോർമൽ വിഹിതം അതേ അളവിൽ ഈ സാമ്പത്തിക വർഷത്തിലും കേന്ദ്രത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്. എന്നാൽ അധിക വിഹിതം 2016 ഏപ്രിൽ മുതൽ 2016 ജൂൺ വരെയുള്ള മൂന്ന് മാസങ്ങളിലേക്ക് മാത്രമാണ് ഇതുവരെ അനുവദിച്ചത്. എ.പി.എൽ. ബി.പി.എൽ വിഭാഗങ്ങൾക്കുള്ള അധിക ഭക്ഷ്യധാന്യം 2016 ജൂണിനു ശേഷം അനുവദിച്ചു നല്കിയിട്ടില്ല. ആയതിനാൽ ഏകദേശം മൂന്നു ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങളുടെ കുറവാണ് അലോട്ട്മെന്റിൽ ഉണ്ടായിരിക്കുന്നത്. |
| (ഡി) സംസ്ഥാനത്ത് റേഷൻ കടകളുടെ എണ്ണം വർദ്ധിപ്പിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ;<br>(ഇ) റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന അവശ്യ വസ്തുക്കളുടെ എണ്ണം വർദ്ധിപ്പിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സാധനങ്ങളാണ് അധികമായി വിതരണം ചെയ്യുകയെന്ന് അറിയിക്കുമോ? | (ഡി) & (ഇ) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ